# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.405

## 26-04-2017 ൽ മറുപടിക്ക്

### കിഫ്ബിയുടെ ധനാഗമ മാർഗങ്ങൾ

| ചോദ്യം<br>ശ്രീ. കെ.എം. മാണി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ ഫണ്ടിലേക്ക് നാളിതുവരെ ബജറ്റിൽ നിന്ന് എത്ര തുക നൽകിയിട്ടുണ്ട്; ഇതിൽ മോട്ടോർ വാഹന നികുതി, പെട്രോൾ സെസ്സ് , മദ്യനികുതി എന്നിവ ഒരോന്നിൽ നിന്നും നൽകിയ തുകയെത്ര; | 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടപ്പിലാക്കലിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന തുകയിൽ അവശേഷിച്ച 2498.41 കോടി, പുന:സംഘടിപ്പിയ്ക്കപ്പെട്ട കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാത്കാരത്തിന്റെ ആദ്യ നടപടി എന്ന നിലയിൽ കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഭേദഗതി ചെയ്ത കിഫ് ആക്ടിലെ ഖണ്ഡിക 7 പ്രകാരം മുൻ വർഷത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനമായ 281.43 കോടി രൂപയും, പെട്രോളിയം ഉൽപന്നങ്ങളിന്മേലുള്ള മുഴുവൻ സെസ് തുകയായ 448.1 കോടി രൂപയും ഉൾപ്പെടെ ആകെ 3227.94 കോടി രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. മദ്യ നികുതിയുടെ വിഹിതം കിഫ്ബിക്ക് നൽകാൻ നിലവിൽ തീരുമാനം ഇല്ല. |
| (ബി) കിഫ്ബി നാളിതുവരെ കടം വാങ്ങിയും ബോണ്ട് ഇഷ്യൂ ചെയ്തും മറ്റ് ധനാഗമ മാർഗങ്ങളിലൂടെയും സമാഹരിച്ച തുകവിവരം പട്ടിക തിരിച്ച് വിശദമാക്കാമോ; | പുന:സംഘടിപ്പിക്കപ്പെട്ട കിഫ്ബി ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ ആദ്യ ഘട്ട ചെലവുകൾക്കായി, നിലവിലെ ധനസ്ഥിതി പര്യാപ്തമാണ്. പദ്ധതികൾക്കായി കൂടുതൽ ഫണ്ട് ആവശ്യമായി വരുന്ന പക്ഷം കടം വാങ്ങൽ, ബോണ്ട് ഇഷ്യൂ ചെയ്യൽ തുടങ്ങിയ ധനാഗമ മാർഗങ്ങളിലൂടെ ഉള്ള ധനസമാഹരണം നടത്തുന്നതാണ്. |

| | |
|---|---|
| (സി) കിഫ്ബി നിധിയിൽ 2017 മാർച്ച് 31 ന് എത്ര തുക മിച്ചമുണ്ട്; വിശദമാക്കാമോ; | കിഫ്ബി നിധിയിൽ 2017 മാർച്ച് 31 തീയതിയിൽ 3227.94 കോടി രൂപ അവശേഷിക്കുന്നുണ്ട്. വിശദവിവരം (എ) പിരിവിന്റെ മറുപടിയിൽ പ്രതിപാദിച്ചിട്ടുണ്ട്. |
| (ഡി) കിഫ്ബി നിധിയിൽ നിന്നും ഏതെല്ലാം പദ്ധതിയിതര ആവശ്യങ്ങൾക്കാണ് നാളിതുവരെ തുക ചെലവഴിച്ചിട്ടുള്ളത്; പട്ടിക തിരിച്ച വിശദമാക്കാമോ; | ദൈനംദിന പ്രവർത്തന ചെലവൊഴികെ പദ്ധതിയേതര ആവശ്യങ്ങൾക്കായി നാളിതുവരെ കിഫ്ബി നിധിയിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| (ഇ) കിഫ്ബി കടം വാങ്ങിയ തുകയുടെ തിരിച്ചടവിന് കിഫ്ബിയുടെ നിലവിലുള്ള ധനാഗമ മാർഗങ്ങളെക്കുറിച്ച് വിശദമാക്കാമോ? | കിഫ്ബി ഏറ്റെടുത്ത പദ്ധതികൾക്കായി നാളിതു വരെ വായ്പകൾ ഒന്നും തന്നെ എടുത്തിട്ടില്ല. ബോർഡിന്റെ തനത് ഫണ്ടിന്റെ ലഭ്യതയും പദ്ധതികൾക്ക് വേണ്ടി വരുന്ന ചെലവും വിലയിരുത്തി ആവശ്യത്തിനനുസരിച്ച് മാത്രമാണ് വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നത്. ഇപ്പോൾ ലഭ്യമായ ഫണ്ട് അംഗീകാരം നൽകിയ പ്രവർത്തികളുടെ ആദ്യ ഗഡു നൽകുന്നതിന് പര്യാപ്തമാണ്. |

**സെക്ഷൻ ഓഫീസർ**